**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3766** **15-07-2022 - ൽ മറുപടിയ്ക്ക്**

**മലബാറിൽ വിമാനത്താവളം വേണമെന്ന ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മലബാറിൽ ഒരു വിമാനത്താവളം കൂടി വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന ആവശ്യവുമായി മലബാർ ഡവലപ്മെന്റ് കൗൺസിൽ ബഹു. പ്രധാനമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിനുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മറുപടിയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസിക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു.<br><br>തുടർന്ന്, തിരുവമ്പാടിയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ച് മലബാർ ഡവലപ്മെന്റ് കൗൺസിൽ സംസ്ഥാന സർക്കാരിലും നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസി അനുസരിച്ച് നിലവിലുള്ള എയർപോർട്ടിന്റെ 150 കിലോമീറ്റർ പരിധിയിൽ മറ്റു എയർപോർട്ടുകളൊന്നും അനുവദിക്കാൻ വ്യവസ്ഥയില്ല. |
| (ബി) | ഈ വിഷയം സംബന്ധിച്ച സർക്കാർ സമീപനം വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന ആവശ്യവുമായി മലബാർ ഡവലപ്മെന്റ് കൗൺസിൽ ബഹു. പ്രധാനമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിനുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മറുപടിയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസിക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | തുടർന്ന്, തിരുവമ്പാടിയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ച് മലബാർ ഡവലപ്മെന്റ് കൗൺസിൽ സംസ്ഥാന സർക്കാരിലും നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഗ്രീൻഫീൽഡ് എയർപോർട്ട് പോളിസി അനുസരിച്ച് നിലവിലുള്ള എയർപോർട്ടിന്റെ 150 കിലോമീറ്റർ പരിധിയിൽ മറ്റു എയർപോർട്ടുകളൊന്നും അനുവദിക്കാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ